MONDAY 20-12-2021 തിങ്കളാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

## FARM INFORMATION BUREAU

**Agriculture Development and Farmer's Welfare Department**

**GOVERNMENT OF KERALA**

**Chief Editor : George Sebastian** **Editor : Dr Asha T T**

Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

## FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS) - 20/12/2021

1. നെൽവയൽ സംരക്ഷിച്ച് നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനും പരിസ്ഥിതി സംരക്ഷണം സാധ്യമാക്കുന്നതിനും വേണ്ടി കൃഷിയോഗ്യമായ നെൽവയലുകളുടെ ഉടമസ്ഥർക്ക് ഒരു ഹെക്ടറിന് 2000 രൂപ നിരക്കിൽ വർഷത്തിൽ ഒരു തവണ റോയൽറ്റി അനുവദിക്കുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് അടുത്തുള്ള കൃഷിഭവനുമായി ബന്ധപ്പെടുക.

2. കാർഷിക മേഖലയിൽ ജോലി ചെയ്യുന്ന അസംഘടിത തൊഴിലാളികൾ 2021 ഡിസംബർ 31 നു മുൻപായി www.eshram.gov.in എന്ന വെബ് പോർട്ടലിലൂടെ രജിസ്റ്റർ ചെയ്യേണ്ടതാണ്. ഇപ്രകാരം രജിസ്റ്റർ ചെയ്യുന്ന തൊഴിലാളികൾക്ക് ഏകീകൃത തിരിച്ചറിയൽ കാർഡും ലഭിക്കുന്നതാണ്.

3. കാർഷിക വികസന കർഷകക്ഷേമ വകുപ്പിന് കീഴിൽ തിരുവനന്തപുരം പാറോട്ടുകോണത്ത് സ്ഥിതിചെയ്യുന്ന ജില്ലാമണ്ണ് പരിശോധനശാലയിൽ കൃഷി ഓഫീസറുടെ ശുപാർശ കത്തോടുകൂടി വരുന്ന കർഷകർക്ക് സൗജന്യമായി മണ്ണ് പരിശോധിച്ച് വളപ്രയോഗ ശുപാർശ നൽകുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് **0471-2533044** എന്ന ഫോൺ നമ്പരിലോ അസിസ്റ്റന്റ് സോയിൽ കെമിസ്റ്റ്, ജില്ലാ മണ്ണ് പരിശോധനശാല, പാറോട്ടുകോണം, തിരുവനന്തപുരം എന്ന വിലാസത്തിലോ ബന്ധപ്പെടുക.

4. മൃഗസംരക്ഷണ വകുപ്പിന് കീഴിലുള്ള തിരുവനന്തപുരം ജില്ലയിലെ ചെറ്റച്ചൽ ജഴ്സിഫാം എക്സ്റ്റൻഷൻ യൂണിറ്റിലെ തെങ്ങ്, സപ്പോർട്ട, ശീമപ്ലാവ് തുടങ്ങിയ ഫലവൃക്ഷങ്ങളിൽ നിന്നും 2022 കാലയളവിൽ മേലാദായം എടുക്കുന്നതിനുള്ള അവകാശം നൽകുന്നതിനായി ഈ മാസം 23-ന് (23.12.2021) രാവിലെ 11.30 -ന് ഫാം ഓഫീസ് പരിസരത്ത് വച്ച് പരസ്യമായി ലേലം നടത്തുന്നു. കൂടുതൽ വിവരങ്ങൾക്ക് **9846671074, 8547194180** എന്നീ ഫോൺ നമ്പരുകളിലോ jfeu.ahd@kerala.gov.in എന്ന മെയിലിലോ പ്രവൃത്തി സമയങ്ങളിൽ ഓഫീസിലോ ബന്ധപ്പെടാവുന്നതാണ്.

5. തിരുവനന്തപുരം ജില്ലയിൽ കേന്ദ്രാവിഷ്കൃത പദ്ധതിയായ ആർ.കെ.വി.വൈ-യുടെ വിവിധ ഘടകങ്ങളായ ചെറുകിട കൂൺ ഉൽപ്പാദന യൂണിറ്റ്, ഹൈടെക് പാൽ കൂൺ ഉൽപ്പാദന യൂണിറ്റ്, കൂണിന്റെ ചെറിയകൂൺ ഉത്പാദന/സംസ്കരണ യൂണിറ്റുകൾ, വെർമി കമ്പോസ്റ്റ് യൂണിറ്റ്, ഗുണനിലവാരമുള്ള നടീൽ വസ്തുക്കളുടെ ഉത്പാദനത്തിനായി വികേന്ദ്രീകൃത നഴ്സറി സ്ഥാപിക്കൽ, ശീതകാല പച്ചക്കറി കൃഷി, വാഴകൃഷി വ്യാപനം, പൈനാപ്പിൾ കൃഷി വ്യാപനം, പാഷൻഫ്രൂട്ട് കൃഷി വ്യാപനം, പന്തലുള്ള പച്ചക്കറി കൃഷി, പന്തലില്ലാത്ത പച്ചക്കറികൃഷി എന്നിവ ജില്ലാ ഹോർട്ടികൾച്ചർ മിഷൻ മുഖേന നടപ്പിലാക്കുന്നു. ഓരോ യൂണിറ്റിനും നിശ്ചിത നിരക്കിൽ ധനസഹായം ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്കും ആനുകൂല്യം ലഭ്യമാകുന്നതിനും വേണ്ടി അടുത്തുള്ള കൃഷിഭവനുമായി ബന്ധപ്പെടണമെന്ന് തിരുവനന്തപുരം ജില്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസർ അറിയിച്ചു.

6. പെരുങ്കടവിള കൃഷിഭവൻ പരിധിയിലെ കാർഷിക ഉൽപ്പന്നങ്ങൾ തിരുവനന്തപുരം കോർപ്പറേഷൻ കൃഷിഭവന്റെ സഹായത്തോടെ ജനയുഗം പത്രമാഫീസിനുമുൻപിലെ അങ്കണത്തിൽ വച്ച് ഉച്ചയ്ക്ക് ഒരു മണിമുതൽ വൈകിട്ട് ആറുമണി വരെ എല്ലാ വെള്ളിയാഴ്ചയും കർഷകർ നേരിട്ട് വിപണനം നടത്തുന്നു. **വിളനിറവ്** എന്ന പേരിലറിയുന്ന ഈ കാർഷിക വിപണിയിൽ നാടൻ പച്ചക്കറികൾ, പഴവർഗ്ഗങ്ങൾ, വാഴക്കുല, വാഴക്കുമ്പ്, വാഴപ്പിണ്ടി, കുടംപുളി, നാളികേരം, തേൻ, മുട്ട തുടങ്ങിയ നാടൻ കാർഷികോത്പ്പന്നങ്ങൾ വിൽപ്പനയ്ക്ക് സജ്ജമാണെന്ന് പെരുങ്കടവിള കൃഷി ഓഫീസർ അറിയിക്കുന്നു.

**പരിശീലന പരിപാടികൾ**

7. റബ്ബർബോർഡിന്റെ കീഴിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് (എൻ.ഐ.ആർ.റ്റി.) റബ്ബറിനെ ബാധിക്കുന്ന രോഗങ്ങൾക്കെതിരെ സ്പ്രേയിങ് നടത്തുന്നതിലും സ്പ്രേയിങ് ഉപകരണങ്ങളുടെ അറ്റകുറ്റപ്പണികളിലും ഈ മാസം 22-ന് (22.12.21) ഉച്ചകഴിഞ്ഞ് 2.30 മുതൽ വൈകിട്ട് 4.30 വരെ ഓൺലൈൻ പരിശീലനം നൽകുന്നു. കൂടുതൽ വിവരങ്ങൾക്ക് **04812353127** എന്ന ഫോൺ നമ്പറിലോ **7994650941** എന്ന വാട്സ്ആപ്പ് നമ്പറിലോ ബന്ധപ്പെടാം. ഇ-മെയിൽ: training@rubberboard.org.in

8. കോഴിക്കോട് കൃഷി വിജ്ഞാന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ഈ മാസം 22-ന് **ചീരയുടെ ജൈവകൃഷി** എന്ന വിഷയത്തിൽ ഓൺലൈൻ പരിശീലനം നടത്തുന്നു. കൂടുതൽ വിവരങ്ങൾക്ക് **0496 2966041** എന്ന നമ്പരിൽ ബന്ധപ്പെടുക.

9. ആലുവ മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ വച്ച് നാളെ (21-ന്) **കാടക്കോഴി വളർത്തലിൽ ഓൺലൈൻ** പരിശീലനവും മറ്റന്നാൾ **( 22-ന് ) പന്നി വളർത്തൽ** എന്ന വിഷയത്തിൽ **ഇൻ ക്യാമ്പസ്** പരിശീലനവും സംഘടിപ്പിച്ചിരിക്കുന്നു. താൽപര്യമുള്ളവർ **0484-2631355** എന്ന ഫോൺ നമ്പരിൽ വിളിച്ചോ, **9188522708** എന്ന വാട്ട്സാപ്പ് നമ്പരിൽ സന്ദേശമയച്ചോ രജിസ്റ്റർ ചെയ്യേണ്ടതാണ്.

10. കുടപ്പനക്കുന്ന് മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ വച്ച് ഇന്നും നാളെയുമായി (20 ഉം 21 ഉം തീയതികളിൽ) **ഇറച്ചിക്കോഴി വളർത്തൽ, 22-ന് തീറ്റപ്പുൽകൃഷി** എന്നീ വിഷയങ്ങളിൽ പരിശീലനം നടക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് **0471-2732918** എന്ന നമ്പരിൽ ബന്ധപ്പെടുക.

11. ഓച്ചിറ ക്ഷീരോൽപന്ന നിർമ്മാണ പരിശീലന വികസന കേന്ദ്രത്തിൽ വച്ച് ക്ഷീരകർഷകർക്കായി **പാലുത്പന്നങ്ങളുടെ നിർമ്മാണം** എന്ന വിഷയത്തിൽ ഇന്ന് **(ഡിസംബർ 20) മുതൽ 31 വരെയുള്ള 10 പ്രവർത്തി ദിവസങ്ങളിലായി** ഓഫ് കാമ്പസ് പരിശീലനം പട്ടണക്കാട് മിൽക്ക് പ്രോഡക്ട്സ് മാനുഫാക്ച്ചറിംഗ് ആന്റ് ഫെസിലിറ്റേഷൻ സെന്ററിൽ വച്ച് നടത്തപ്പെടുന്നു. താൽപര്യമുള്ളവർ ഡിസംബർ **20 ന്** രാവിലെ 10 മണിയ്ക്ക് മുമ്പായി **9846083828** എന്ന നമ്പരിൽ വിളിച്ച് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. ആലപ്പുഴ ജില്ലയിലെ ആദ്യം രജിസ്റ്റർ ചെയ്യുന്ന 40 പേർക്കാണ് പ്രവേശനം. പരിശീലനത്തിൽ പങ്കെടുക്കുന്നവർ ആധാർ കാർഡ്, രണ്ട് ഡോസ് കോവിഡ് വാക്സിനേഷൻ സർട്ടിഫിക്കറ്റ്, ബാങ്ക് പാസ്സ്ബുക്കിന്റെ പകർപ്പ് എന്നിവ ഹാജരാക്കേണ്ടതാണ്.